(ബി) ഗ്രാമീണ കർഷകർക്ക് വലിയ പ്രതീക്ഷകൾ നൽകിയ മൾബറി കൃഷി സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ ഏകദേശം ആയിരത്തി നാനൂറോളം സെറികൾച്ചർ കർഷകരുണ്ട്. കേരളത്തിലെ 14 ജില്ലകളും സെറികൾച്ചർ കൃഷിക്ക് അനുയോജ്യമാണ്. 14 ജില്ലകളിലും ജില്ലാ ഓഫീസുകൾ തുറക്കുകയും ആവശ്യമായത്ര സാങ്കേതിക ജീവനക്കാരെ നിയമിക്കുകയും ഉല്പന്നത്തിന് വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സൗജന്യ പരിശീലനം, കൃഷിയുടെ ഓരോ ഘട്ടത്തിലും സാങ്കേതിക മേൽനോട്ടം എന്നിവ നൽകി വരുന്നു.

(ബി) നിലവിലുള്ള പ്രതിസന്ധികൾ പരിഹരിച്ച് മൾബറി കൃഷി നില നിർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നയം. ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

കൃഷി ഭവനുകളുടെ പ്രവർത്തനം

90 (1885) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) കൃഷിഭവനുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിക്കുന്നതിനും നിലവിലുള്ള കൃഷിഭവനുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ ശാസ്ത്ര സാങ്കേതിക വിദ്യകളും അറിവുകളും കർഷകരിലെത്തിക്കുന്നതിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കർഷകരെ സന്ദർശിക്കുന്ന അഗ്രോക്ലിനിക് സമ്പ്രദായം നടപ്പിലാക്കി വരുന്നു. നൂതനകൃഷി രീതികൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് 151 ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുകയും ഇന്റർഫേസ് നടത്തുന്നതിന് വിഭാവനം ചെയ്യുകയും ചെയ്തിട്ടുണ്ട്. മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ കൃഷിഭവനുകളിലും കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കൃഷിവകുപ്പ് ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതാണ്. കൂടാതെ നെൽകൃഷി വികസനത്തിന്റെ ഭാഗമായി ജില്ലാതല

LIBRARY ARCHIVES Kerala Legislative Assembly

കീടനിരീക്ഷണ വിഭാഗത്തിന്റെ ശക്തിപ്പെടുത്തലും നടപ്പാക്കുന്നതാണ്. കൃഷി വകുപ്പും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റും ചേർന്ന് ഡേറ്റാ കാസ്റ്റിംഗ് സംവിധാനത്തിന് രൂപം നൽകി. കാർഷികമേഖലയിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പ്രശ്നപരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഓരോ ജില്ലയിലും "ഡയോഗണസ്റ്റിക് ടീം" രൂപീകരിച്ചിട്ടുണ്ട്.

(ബി) പുതിയതായി രൂപീകരിച്ച പഞ്ചായത്തുകളിൽ കൃഷിഭവൻ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിലുള്ള കൃഷി ഭവനുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തെങ്ങ് കൃഷി സംരക്ഷിക്കുന്നതിന് നടപടികൾ

91 (1886) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തെങ്ങ് കൃഷി സംരക്ഷിക്കുന്നതിനും നാളികേരത്തിന് ന്യായവില ഉറപ്പുവരുത്തുന്നതിനുമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കോക്കനട്ട് ടെക്നോളജി മിഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിലെ പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പുതിയ നല്ല പ്രതിരോധ ശേഷിയുള്ള തെങ്ങിൻ തൈകൾ നടുന്നതിനുമായി ഇപ്പോൾ കൃഷി വകുപ്പു നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കാമോ ;

(ഡി) സംസ്ഥാനത്ത് നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞുവരുന്നത് കണക്കിലെടുത്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(ഇ) കാറ്റുവീഴ്ച, വേര് ചീയൽ തുടങ്ങിയവ തടയുന്നതിന് എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. തെങ്ങിനെ ബാധിച്ചിട്ടുള്ള കാറ്റുവീഴ്ച രോഗം വ്യാപിക്കുന്നത് തടയുന്നതിന് തിരുവനന്തപുരം, തൃശ്ശൂർ എന്നീ അതിർത്തി ജില്ലകളിലെ 6,94,261 രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയവ വച്ചു പിടിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സമർപ്പിച്ച 37.697 കോടി രൂപയുടെ പദ്ധതിക്ക് ടെക്നോളജിമിഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 9.42 കോടി രൂപ കേന്ദ്ര സഹായമാണ്.

LIBRARY ARCHIVES Kerala Legislative Assembly